# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 24-01-2014

## പൊതുവിദ്യാഭ്യാസത്തെ നിരാകരിക്കുന്ന ബഡ്ജറ്റ്

### -കെ എസ് ടി എ

പൊതുവിദ്യാഭ്യാസത്തെ പൂർണ്ണമായും നിരാകരിക്കുന്നതാണ് ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് എന്ന് കെ എസ് ടി എ സംസ്ഥാനകമ്മിറ്റി അഭിപ്രായപ്പെട്ടു. നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ മുഴുവനും എടുത്തുകളഞ്ഞിരിക്കുകയാണ്. കുട്ടികൾക്കുള്ള ഇൻഷുറൻസ് പദ്ധതി, കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്ന സികൂളുകൾക്ക് നല്കിയിരുന്ന അവാർഡുകൾ, ഐ ടി വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നല്കിയിരുന്ന സർക്കാർ വിഹിതം, ഹയർസെക്കന്ററി സ്കൂളുകളുടെ ലൈബ്രറി-ലാബുകളുടെയും നിർമാണത്തിനും നവീകരണത്തിനുമുള്ള പദ്ധതികൾ തുടങ്ങി മുൻകാല ബഡ്ജറ്റുകളിൽ ഉണ്ടായിരുന്ന നിരവധി നിർദ്ദേശങ്ങൾ ഒഴിവാക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന് ഒരു ചില്ലിക്കാശുപോലും മാറ്റിവെച്ചിട്ടില്ല. ഹയർസെക്കന്ററി വിദ്യാർത്ഥിക്ക് നിലവിലുള്ള സ്കോളർഷിപ്പുകൾ വർധിപ്പിക്കാനുള്ള നിർദ്ദേശങ്ങളില്ല. എന്നാൽ പൊതുസ്വകാര്യസംരംഭം അധ്യാപക പരിശീലനത്തിനുപോലും പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശം സർക്കാരിന്റെ ഉള്ളിലിരിപ്പ് വ്യക്തമാക്കുന്നതാണ്. സർക്കാർ സ്കുളുകളുടെ നവീകരണവും അക്കാദമിക രംഗത്തെ മെച്ചപ്പെടുത്തുന്ന കാര്യവും അവഗണിച്ചിരിക്കുകയാണ്. രാജ്യത്തിനുതന്നെ അഭിമാനകരമായി മാറിയ സ്കൂൾ കായികരംഗം മെച്ചപ്പെടുത്തുന്നതിന് ധനസഹായം നൽകുന്ന നിർദ്ദേശങ്ങളൊന്നും ഇല്ല. ഫലത്തിൽ പൊതുവിദ്യാലയങ്ങളെ പൂർണ്ണമായും പാർശ്വവൽക്കരിക്കുന്നതാണ് യു ഡി എഫ് ന്റെ ബഡ്ജറ്റ്. കേരളത്തിന്റെ സാമൂഹ്യ വളർച്ചയിൽ നിർണായകപങ്കു വഹിച്ച, രാജ്യത്തിനുതന്നെ മാതൃകയായ പൊതുവിദ്യാഭ്യാസത്തെ ബഡ്ജറ്റിലൂടെ തമസ്കരിക്കുന്ന സർക്കാർ നടപടിയിൽ കെ എസ് ടി എ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി